തുടങ്ങിയ ലക്ഷ്യത്തോടെ 100 വായനശാലകളിൽ വനിതാ സംഘങ്ങൾ ആരംഭിച്ചു.

(സി) ജനകീയാസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഗ്രന്ഥശാല സംഘത്തിന്റെ സ്റ്റേറ്റ്-ജില്ലാ-താലൂക്ക് കൗൺസിൽ പ്രവർത്തകരുടെ സജീവ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ഡി) ജനകീയാസൂത്രണം മുഖേന ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങൾ നിരവധി ഗ്രന്ഥശാലകൾക്ക് കെട്ടിടവും, പുസ്തകവും ഫർണീച്ചറും ലഭ്യമാക്കിയിട്ടുണ്ട്.

19 (*109) പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ കുടിശ്ശിക

ശ്രീ. മോൻസ് ജോസഫ് :

ഡോ. കെ.സി. ജോസഫ് :

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികൾ ചെയ്ത കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക തുകയെത്രയാണ്;

(ബി) ഈ തുക 3 മാസത്തിനകം കൊടുക്കണമെന്നും ഇല്ലെങ്കിൽ ബിൽ എഴുതിയ തീയതി മുതൽ പലിശ നൽകണമെന്നും ഉള്ള ബഹുമാനപ്പെട്ട കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ തുക എപ്പോൾ കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഇ) കരാറുകാരുടെ ബിൽ ബാങ്ക് വഴിയായി നൽകുന്നതിനും ബാങ്കിന് പലിശ സഹിതം തുക നൽകുന്നതിനും അതുവഴി പൊതുമരാമത്ത് പ്രവർത്തനങ്ങൾ വേഗതയിൽ നടത്തിക്കൊണ്ട് പോകുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) കരാറുകാരുടെ കുടിശ്ശിക തുക തീർത്തു നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ദേശീയപാതാ വിഭാഗത്തിൽ 966 ലക്ഷം രൂപയും, 31.12.99-ലെ കണക്കനുസരിച്ച് റോഡുകളും പാലങ്ങളും വിഭാഗത്തിൽ 500.52 കോടി രൂപയും കെട്ടിടങ്ങളും ലോക്കൽ വർക്സ് വിഭാഗത്തിൽ 58.01 കോടി രൂപയും കൊടുത്തു തീർക്കാനുണ്ട്. ലെജിസ്ലേച്ചർ കോംപ്ലക്സ് വിഭാഗത്തിൽ 119.28 ലക്ഷം രൂപ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്.

(ബി) ഒ.പി. ഫയൽ ചെയ്തു തീർപ്പു കൽപിച്ച കരാറുകാരുടെ കുടിശ്ശിക മൂന്നു മാസത്തിനകം കൊടുത്തു തീർക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ ഈ ആവശ്യത്തിന് 160 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&എഫ്) കരാറുകാരുടെ കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു. 1999-2000-മാണ്ടത്തെ ബജറ്റിലും ഉപ ധനാഭ്യർത്ഥനയിലും മരാമത്ത് പണികൾക്ക് ഉൾപ്പെടുത്തിയ തുകകളിൽ കരാ റുകാരുടെ കുടിശ്ശിക തീർക്കുന്നതിനു വേണ്ടിയാണ് മുൻഗണന നൽകിയിട്ടു ള്ളത്.

(ഇ) ഇപ്പോൾ നിലവിലുള്ള സംവിധാനത്തിൽ മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടില്ല.

20 (*110) സ്വകാര്യ വിദ്യാഭ്യാസ മാനേജ്മെന്റുകളെ നിയന്ത്രിക്കാൻ നടപടി

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വിദ്യാഭ്യാസ മാനേജുമെന്റുകളെ നിയ ന്ത്രിക്കാൻ എന്തെങ്കിലും പുതിയ നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചി ക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ മാനേജു മെന്റുകൾക്കെതിരെ വിദ്യാർത്ഥി സംഘടനകൾ എത്ര സമരം സംഘടിപ്പിച്ചിട്ടു ണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സമരങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയത് പ്രധാന മായും ഏത് വിദ്യാർത്ഥി സംഘടനയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) വിദ്യാർത്ഥികളുടെ പൊതുവായ ഏത് ആവശ്യത്തിന്റെ പേരി ലായിരുന്നു ഈ സമരങ്ങൾ നടത്തിയത് എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഇല്ല.

(ബി) തൃശ്ശൂർ സെന്റ് ജോസഫ് കോളേജ്, ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, കൂത്തുപ്പറമ്പ് നിർമ്മലഗിരി കോളേജ്, കൊല്ലം എസ്.എൻ കോളേജ് തുടങ്ങിയ സ്വകാര്യ മാനേജ്മെന്റുകൾക്കെതിരെ വിദ്യാർത്ഥി സംഘടനകൾ സമരം നടത്തിയതായി അറിവായിട്ടുണ്ട്. ഈ സമരങ്ങൾ തീർപ്പാക്കിയിട്ടുള്ള തായി അറിയുന്നു.

(സി) അറിവായ വിവരം അനുസരിച്ച് ഭരണ കക്ഷിയിൽപ്പെട്ട വിദ്യാർത്ഥി സംഘടനകളാണ് സമരങ്ങൾ നടത്തിയത്.

(ഡി) പുറത്താക്കപ്പെട്ട വിദ്യാർത്ഥികളെ തിരിച്ചെടുക്കുക എന്നായി രുന്നു വിദ്യാർത്ഥി സംഘടനകളുടെ പ്രധാന ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly